ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 27.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) രാജ്യവികസനത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംഭാവന അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu has said that a strong MSME ecosystem is essential for the sustainable economic development of the country.**

2) ചൈനയുമായുള്ള അതിർത്തി പ്രശ്നത്തിന് ശാശ്വതപരിഹാരം ആവശ്യമാണെന്ന് ഇന്ത്യ. ഇരു രാജ്യങ്ങൾക്കുമിടയിലുണ്ടായ വിശ്വാസക്കുറവ് നികത്തണമെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ്

**India has stressed to have a permanent solution to border demarcation with China by rejuvenating the established mechanism and called for bridging the trust deficit created between the two nations after the** 2020 **border standoff.**

3) നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും

**Aryadan Shoukath will take oath as Nilambur MLA, this evening.**

4) പുരി ജഗന്നാഥ ക്ഷേത്രത്തിലെ വിശ്വപ്രസിദ്ധമായ രഥയാത്രയ്ക്ക് ഇന്ന് തുടക്കം

**World famous Rath Yatra of Lord Jagannath and his two siblings begins today at Puri in Odisha.**

5) കേരളത്തിൽ മഴയ്ക്ക് നേരിയ ശമനം. എറണാകുളം, തൃശൂർ, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത

**IMD predicts heavy rainfall in Kerala today. Orange Alert issued for five districts.**

6) ആണവ നിലയങ്ങൾക്ക് നേരെ വീണ്ടും യു എസ് ആക്രമണമുണ്ടായാൽ ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകി ഇറാൻ.

**Iran's Supreme Leader Ayatollah Ali Khamenei has warned that Iran would respond to any future U.S. attack by striking American military bases in the West Asia.**

***********************

## President-MSME (INTRO)

രാജ്യവികസനത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സംഭാവന അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. എം.എസ്.എം.ഇ ദിനവുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.രാജ്യത്തെ ലക്ഷക്കണക്കിന് ജനങ്ങൾക്ക് തൊഴിലവസരം നൽകാൻ എം.എസ്.എം.ഇ കളിലൂടെ സാധിച്ചതായും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്)

സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് വായ്പാപിന്തുണ നൽകുന്ന ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ട് ട്രസ്റ്റ്, 25 വർഷം പൂർത്തിയാക്കിയതിന്റെ സ്മരണയ്ക്കായുള്ള പ്രത്യേക തപാൽ

സ്റ്റാമ്പും ചടങ്ങിൽ രാഷ്ട്രപതി പുറത്തിറക്കി. MSME മന്ത്രാലയത്തിന്റെ പുതിയ ഓൺലൈൻ തർക്ക പരിഹാര പോർട്ടലും ശ്രീമതി മുർമു അനാച്ഛാദനം ചെയ്തു .

*******************

## DAY RAJNATH – CHINA

ചൈനയുമായുള്ള അതിർത്തി പ്രശ്നത്തിന് ശാശ്വതപരിഹാരം അത്യാവശ്യമാണെന്ന് ഇന്ത്യ. 2020 ലെ അതിർത്തി സംഘർഷങ്ങളെ തുടർന്ന്, ഇരു രാജ്യങ്ങൾക്കുമിടയിലുണ്ടായ വിശ്വാസക്കുറവ് നികത്തണമെന്നും ചൈനീസ് പ്രതിരോധമന്ത്രി അഡ്മിറൽ ഡോങ് ജുന്നുമായുള്ള കൂടിക്കാഴ്ചയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് ആവശ്യപ്പെട്ടു . ചൈനയിൽ നടന്ന ഷാങ്ഹായ് പ്രതിരോധമന്ത്രിമാരുടെ സംമ്മേളനത്തോട് അനുബന്ധിച്ചായിരുന്നു കൂടിക്കാഴ്ച്ച . ഇന്ത്യ-ചൈന അതിർത്തിയിൽ സമാധാനവും ശാന്തിയും നിലനിർത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചും ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും രാജ്യരക്ഷാമന്ത്രി വിശദീകരിച്ചു. റഷ്യൻ പ്രതിരോധ മന്ത്രി ആന്ദ്രേ ബെലോസോവുമായും ശ്രീ രാജ്നാഥ് സിങ് കൂടിക്കാഴ്ച നടത്തി. നിലവിലെ ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ, അതിർത്തി കടന്നുള്ള ഭീകരത, ഇന്ത്യ -റഷ്യ പ്രതിരോധ സഹകരണം എന്നിവ ഇരുവരും ചർച്ച ചെയ്തു .

*******************

## JAISHANKAR – EMERGENCY (INTRO)

സ്വാതന്ത്ര്യത്തെ ഒരിക്കലും നിസ്സാരമായി കാണരുതെന്നാണെന്ന് 1975ലെ അടിയന്തരാവസ്ഥക്കാലം ജനങ്ങളെ ബോധ്യപ്പെടുത്തിയതെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. അടിയന്തരാവസ്ഥയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ

നടന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിൻറെയും സമൂഹത്തിൻറെയും ആത്മവീര്യം കെടുത്തുന്ന നടപടിയായിരുന്നു അടിയന്തരാവസ്ഥയെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

*******************

## AXIOM-DOCKED

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായി ചരിത്രം കുറിച്ച് ശുഭാൻശു ശുക്ല. ശുഭാൻശു അടക്കമുള്ള നാല് ബഹിരാകാശ യാത്രികരുമായി ആക്സിയം 4 ദൗത്യ പേടകം ഇന്നലെ വൈകുന്നേരമാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയത്. രാകേഷ് ശർമയ്ക്ക് ശേഷം, നാല് പതിറ്റാണ്ടുകൾക്കിപ്പുറം ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ് ശുഭാൻശു. 14 ദിവസത്തെ പര്യവേഷണത്തിനായാണ് ആക്സിയം- 4 ദൗത്യ സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയത്.

*******************

## SUGAR PRODUCTION

2026 സീസണിൽ രാജ്യത്തെ പഞ്ചസാര ഉൽപ്പാദനം 15 ശതമാനം വർദ്ധിച്ച് 35 ദശലക്ഷം ടണ്ണിലെത്തുമെന്ന് റിപ്പോർട്ട്. അധികമായി ലഭിക്കുന്ന മഴ, മഹാരാഷ്ട്രയിലും കർണാടകയിലും ഉൾപ്പെടെ കരിമ്പ് കൃഷി വിളവെടുപ്പ് വർധിപ്പിക്കാൻ സഹായിക്കുമെന്നും ഒരു ക്രെഡിറ്റ് റേറ്റിംഗ് ഏജൻസി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു.

*******************

## Rath yathra

പുരി ജഗന്നാഥ ക്ഷേത്രത്തിലെ വിശ്വപ്രസിദ്ധമായ രഥയാത്രയ്ക്ക് ഒഡീഷയിൽ ഇന്ന് തുടക്കം. വൈകുന്നേരം നാല് മണിയോടെ പുരി ക്ഷേത്രത്തിൽ നിന്നാരംഭിക്കുന്ന രഥയാത്ര, 3 കിലോമീറ്റർ അകലെയുള്ള ശ്രീ ഗുംഡിച ക്ഷേത്രത്തിലാണ് സമാപിക്കുക. 13 ലക്ഷത്തോളം തീർത്ഥാടകർ ഇക്കുറി

രഥയാത്രയ്ക്കായി പുരിയിലെത്തുമെന്നാണ് കണക്കാക്കുന്നത്. രാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള നേതാക്കൾ രഥയാത്രയ്ക്ക് ആശംസകൾ നേർന്നു. ദശലക്ഷക്കണക്കിന് തീർത്ഥാടകർക്ക് രഥയാത്ര ഭക്തിനിർഭരമായ അനുഭവം പകരുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ പറഞ്ഞു.

*******************

## NILAMBUR - OATH TAKING

നിലമ്പൂർ എംഎൽഎ ആയി ആര്യാടൻ ഷൗക്കത്ത് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ, സ്പീക്കർ മുമ്പാകെ വൈകുന്നേരം 3.30 നാണ് സത്യപ്രതിജ്ഞ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ 11,000-ലേറെ വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ആര്യാടൻ ഷൗക്കത്ത് വിജയിച്ചത്.

*******************

## RAIN-KERALA

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് എറണാകുളം, തൃശൂർ, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലായിടത്തും മഞ്ഞ ജാഗ്രതയാണ്. മലയോര മേഖലകളിൽ ജാഗ്രത തുടരുകയാണ്. നദികളിലെ ജലനിരപ്പും വർദ്ധിച്ച നിലയിലാണ്. മഴ ശക്തമായ സാഹചര്യത്തിൽ അപകട സാധ്യത ഏറിയ പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ടെന്ന് റവന്യൂമന്ത്രി കെ.രാജൻ പറഞ്ഞു.

*******************

## WAYANAD RAIN (INTRO)

വയനാട്ടിൽ കഴിഞ്ഞ മൂന്ന് ദിവസമായി പെയ്തിരുന്ന ശക്തമായ മഴയ്ക്ക് രാവിലെ മുതൽ ശമനം. ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. മഴയുടെ പശ്ചാത്തലത്തിൽ ബാണാസുരസാഗർ ഡാം ഇന്ന് രാവിലെ തുറന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്.

(VOICE)

ഇടുക്കിയിൽ മഴയ്ക്ക് നേരിയ ശമനമായെങ്കിലും ഡാമുകളിലെ ജലനിരപ്പ് ഉയരുകയാണ്. മുല്ലപ്പെരിയാറിൽ 135 അടിയും ഇടുക്കിയിൽ 2359 അടിയുമാണ് നിലവിൽ ജലനിരപ്പ്.

*******************

## Kodakara -Accident

തൃശ്ശൂർ കൊടകരയിൽ അതിഥി തൊഴിലാളികൾ താമസിച്ചിരുന്ന ഇരുനില കെട്ടിടം ഇടിഞ്ഞുവീണ് മൂന്ന് മരണം. 12 പേരോളം ആണ് കെട്ടിടത്തിൽ ഉണ്ടായിരുന്നത്. രാവിലെ ആറുമണിയോടെയാണ് അപകടം. പശ്ചിമ ബംഗാൾ സ്വദേശികളായ രൂപൽ, രാഹുൽ, ആലിം എന്നിവരാണ് മരിച്ചത്. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ മന്ത്രി വി ശിവൻകുട്ടി ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

*******************

## TRUMP-REPORTS LEAK

ഇറാൻ ആണവനിലയങ്ങളിലെ യുഎസ് ആക്രമണവുമായി ബന്ധപ്പെട്ട ഇൻറലിജൻസ് റിപ്പോർട്ട് ചോർന്നതിൽ ഡെമോക്രാറ്റിക് പാർട്ടിയെ കുറ്റപ്പെടുത്തി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ദേശീയ സുരക്ഷയെ തന്നെ ഇത് ബാധിക്കുമെന്നും ട്രംപ് വിമർശിച്ചു. ഇറാൻറെ ആണവ സംവിധാനങ്ങൾ പൂർണമായും തകർക്കാൻ അമേരിക്കയ്ക്ക് സാധിച്ചെന്ന വാദങ്ങളെ തള്ളുന്ന ഇൻറലിജൻസ് റിപ്പോർട്ടാണ് രണ്ട് യുഎസ് മാധ്യമങ്ങൾ പുറത്തുവിട്ടത്. ആണവ പദ്ധതിയിൽ മാസങ്ങളുടെ കാലതാമസം വരുത്താൻ മാത്രമേ യുഎസ് ആക്രമണം കൊണ്ട് സാധിച്ചുള്ളൂ എന്നും റിപ്പോർട്ടിൽ പറയുന്നു. ആക്രമണത്തിന് മുൻപ് തന്നെ യുറേനിയം ഇവിടെ നിന്നു മാറ്റാൻ ഇറാന് സാധിച്ചതായും പരാമർശമുണ്ട്.

*******************

## Khamenei

ഇറാന് നേരെ ഇനിയും യുഎസ് ആക്രമണമുണ്ടായാൽ പശ്ചിമേഷ്യയിലെ അമേരിക്കൻ സൈനിക താവളങ്ങൾക്ക് നേരെ ശക്തമായ തിരിച്ചടിയുണ്ടാകുമെന്ന് ഇറാൻ പരമോന്നത നേതാവ് അയത്തൊള്ള അലി ഖമേനി. ഇസ്രയേലുമായുള്ള വെടിനിർത്തലിനെക്കുറിച്ചുള്ള ടെലിവിഷൻ അഭിസംബോധനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇറാൻ കീഴടങ്ങില്ലെന്നും, ആണവ നിലയങ്ങൾക്ക് നേരെയുള്ള ആക്രമണം കൊണ്ട് അമേരിക്കയ്ക്ക് നേട്ടമുണ്ടാക്കാനായില്ലെന്നും ഖമേനി പറഞ്ഞു. ഇറാൻ ആണവ സമ്പുഷ്ടീകരണം പുനരാരംഭിക്കാൻ ശ്രമിച്ചാൽ ഇനിയും ആക്രമണം നടത്തുമെന്ന് ഡോണൾഡ് ട്രംപ് വ്യക്തമാക്കിയിരുന്നു.

*******************

## Bangladesh- trilateral alliance

ചൈനയും , പാകിസ്ഥാനുമായുള്ള ത്രിരാഷ്ട്ര സഖ്യത്തിനുള്ള സാധ്യതകൾ തള്ളി ബംഗ്ലാദേശ് . ഈ രാജ്യങ്ങളുമായി നടത്തിയ സമീപകാല

കൂടിക്കാഴ്ചകൾ രാഷ്ട്രീയപരമല്ലെന്നും ബംഗ്ലാദേശിലെ ഇട ക്കാല സർക്കാർ വ്യക്തമാക്കി. മൂന്ന് രാജ്യങ്ങളുടെയും പ്രതിനിധികൾ ചൈനയിൽ അനൗപചാരിക ത്രിരാഷ്ട്ര യോഗം നടത്തിയതായി ബംഗ്ലാദേശ് വിദേശകാര്യ മന്ത്രാലയം നേരത്തെ വ്യക്തമാക്കിയിരുന്നു. ത്രിരാഷ്ട്ര സഹകരണത്തെക്കുറിച്ച് വിപുലമായ ചർച്ചകൾ യോഗത്തിൽ നടന്നതായി ചൈന വ്യക്തമാക്കിയിരുന്നു.

*******************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി '**മൻ കീ ബാത്**' ഈ മാസം 29 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും.

പരിപാടിയുടെ 123-ാ◌ാം പതിപ്പാണിത്. മൻ കീ ബാത്തിനെക്കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും **MyGov** ഓപ്പൺ ഫോറത്തിലൂടെയും ഇന്നും കൂടി അറിയിക്കാവുന്നതാണ്.

*******************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.
സെൻസെക്സ് 267 പോയിന്റ് ഉയർന്ന് 84,023 ലും,
നിഫ്റ്റി 95 പോയിന്റ് ഉയർന്ന് 25,644 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവിലയിൽ ഇടിവ്. ഗ്രാമിന് 85 രൂപ കുറഞ്ഞ് 8,985 രൂപയും പവന് 680 രൂപ
കുറഞ്ഞ് 71,880 രൂപയുമാണ് ഇന്നത്തെ വില.

*******************

***********

***